(സി) ഇതിന് എത്രയെല്ലാം ഉത്തരവുകളനുസരിച്ചാണ് അനുമതി നൽകാറുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ, അഡീഷണൽ വില്ലേജ് അസിസ്റ്റന്റ്/അഡീഷണൽ വില്ലേജ് ഓഫീസർ/എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റ്, യു.ഡി.സി./സ്പെഷ്യൽ വില്ലേജ് ഓഫീസർ, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ/വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്/തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികകളിലാണ് സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലുള്ളത്.

(ബി&സി) ലാന്റ് റവന്യൂ വകുപ്പിൽ എൽ.ഡി. കേഡറിൽ ജില്ലാന്തര മാറ്റത്തിന് 2-1-1961-ലെ ജി.ഒ.(എംഎസ്.) 4 നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡമാണ് പാലിക്കുന്നത്. കൂടാതെ ജി.ഒ.(പി)12/04/പി.ആന്റ്.എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരവും സ്ഥലം മാറ്റം നൽകുന്നു.

(ഡി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ താൽക്കാലിക/കോൺട്രാക്ട്/ദിവസക്കൂലി ജീവനക്കാരുടെ നിയമനം

94 (280) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ താൽക്കാലിക കോൺട്രാക്ട്/ദിവസക്കൂലി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതു വിഭാഗത്തിലുള്ള എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഭവനനിർമ്മാണ ബോർഡിൽ ഡ്രൈവർ തസ്തികയിൽ എത്രപേർ താൽക്കാലികമായി ജോലി ചെയ്യുന്നുവെന്നും അവരിൽ എത്ര പേരെ സ്ഥിരപ്പെടുത്തി എന്നും വ്യക്തമാക്കുമോ;

(ഇ) സ്ഥിരപ്പെടുത്തിയവരുടെ സേവനദൈർഘ്യം എത്ര വർഷമാണെന്നും ഇപ്പോൾ ജോലി ചെയ്യുന്ന മറ്റു ഡ്രൈവർമാരുടെ സേവന ദൈർഘ്യം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്) സ്ഥിരപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു;

(ജി) ഇതുസംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നോ ധനകാര്യ വകുപ്പിൽ നിന്നോ അനുമതി ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിൽ കമാർ അടിസ്ഥാനത്തിൽ താൽക്കാലിക ഡ്രൈവർമാരായി ജോലി ചെയ്തിരുന്ന 5 പേരെ ഡ്രൈവർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ഡി) ഡ്രൈവർ തസ്തികയിൽ 12 പേർ താൽക്കാലികമായി ജോലി ചെയ്തിരുന്നു. അവരിൽ 5 പേരെ സ്ഥിരപ്പെടുത്തി.

(ഇ) സ്ഥിരപ്പെടുത്തിയവരുടെ സേവന ദൈർഘ്യം ചുവടെ ചേർക്കുന്നു:

1.	ശ്രീ. പി. എം. ജോസ്	–	13 വർഷം
2.	ശ്രീ. എം. സുകു	–	10 വർഷം
3.	ശ്രീ. പി. പ്രസന്നകുമാർ	–	9 വർഷം
4.	ശ്രീ. വി. അനിൽകുമാർ	–	9 വർഷം
5.	ശ്രീ. കെ. വിജയൻ	–	8 വർഷം

താൽക്കാലിക വ്യവസ്ഥയിൽ ഇപ്പോൾ ജോലി ചെയ്യുന്ന മറ്റു ഡ്രൈവർമാരുടെ സേവന ദൈർഘ്യം ചുവടെ ചേർക്കുന്നു:

1.	ശ്രീ. എ. എം. അശോക് കുമാർ	–	4 വർഷം
2.	ശ്രീ. കെ. രാജേന്ദ്രൻ നായർ	–	3 വർഷം
3.	ശ്രീ. കെ. പ്രസന്നകുമാർ	–	7 മാസം
4.	ശ്രീ. എ. രാജൻ	–	1½ വർഷം
5.	ശ്രീ. കമ്മത്ത്	–	1 വർഷം
6.	ശ്രീ. എ. അബ്ദുൾ അസീസ്	–	3 മാസം
7.	ശ്രീ. കെ. ശശിധരൻ	–	2 മാസം

(എഫ്) 8 മുതൽ 13 വർഷത്തിലധികം തുടർച്ചയായ സർവ്വീസുള്ള ഇവർക്ക് പ്രായപരിധി കഴിഞ്ഞതിനാൽ പി.എസ്.സി. വഴി മറ്റു ജോലികൾക്ക് അപേക്ഷിക്കാൻ സാധിക്കാതെ വന്നിരിക്കുന്ന സാഹചര്യത്തിൽ ഒരു മാനുഷിക പരിഗണന നൽകി കെ.എസ്.ആന്റ് എസ്.എസ്.ആർ.-ലെ റൂൾ 39 പ്രകാരം സർക്കാരിനുള്ള പ്രത്യേക അധികാരം ഉപയോഗിച്ചാണ് 5 താൽക്കാലിക ഡ്രൈവർമാരെ ചില വ്യവസ്ഥകൾക്ക് വിധേയമായി സ്ഥിരപ്പെടുത്തിയത്.

(ജി) കെ.എസ്.ആന്റ് എസ്.എസ്.ആർ.-ലെ റൂൾ 39 പ്രകാരം സ്ഥിരപ്പെടുത്തിയതിനാൽ പി.എസ്.സി.-യുടെ അംഗീകാരം തേടേണ്ടതില്ല. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly